## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1614 17.6.2013 ൽ മറുപടിക്ക്.**

## മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എ.കെ.ബാലൻ** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം (എം.ജി.പി) എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്; | (എ) | മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം 2002-ലാണ് ആരംഭിച്ചത്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ രംഗത്ത് സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ നടപടികളുടെ നവീകരണം (എം.ജി.പി) എന്ന പദ്ധതി ആവിഷ്കരിച്ചത്. ഭരണരംഗത്ത് കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യവും കാര്യക്ഷമവുമായ വിധത്തിൽ സർക്കാരിന്റെ നയപരിപാടികൾ നടപ്പാക്കുന്നതിനും ഇതിലേക്കാവശ്യമായ പരിശീലനം സർക്കാർ ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുക്കപ്പെട്ട ഔദ്യോഗിക ഭാരവാഹികൾക്കും നൽകുന്നതിനും എം.ജി.പി മുൻഗണന നൽകി. ഇത്തരം പ്രവർത്തനങ്ങൾ മുഖേന ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്തും മനുഷ്യ വിഭവ ശേഷി രംഗത്തും ആശാവഹമായ പുരോഗതി കൈവരിക്കുകയെന്നതായിരുന്നു എം.ജി.പി യുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | പദ്ധതി ഇപ്പോഴും തുടരുന്നുവോ;ഇല്ലെങ്കിൽ എന്നാണ് അവസാനിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. 2008-ൽ അവസാനിച്ചു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വിദേശ സാമ്പത്തിക സഹായം ലഭിച്ചിരുന്നോ;എങ്കിൽ എത്ര രൂപ ലഭിച്ചു;പണം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ; | (ഡി)യും (ഇ)യും (എഫ്)ഉം (ജി)യും | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത്;എത്ര രൂപ ചെലവഴിച്ചു;എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (എഫ്) | പദ്ധതി നടപ്പാക്കിയ ഏജൻസി ഏതായിരുന്നു; | | |
| (ജി) | പദ്ധതിയുടെ അവലോകനമോ, ഓഡിറ്റിംഗോ നടത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ